# കേന്ദ്ര സർക്കാരിന്റെ വിവിധ സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ നഗര ഉപജീവന പദ്ധതിയുടെ(NULM) കീഴിൽ ഐ.എച്ച്.ആർ.ഡിയുടെ തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജ്,ജൂൺ അവസാന വാരം ആരംഭിക്കുന്ന സൗജന്യ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.കോഴ്സുകൾ നടക്കുന്നത് മോഡൽ എഞ്ചിനീയറിംഗ് കോളേജിന്റെ അനുബന്ധ സ്ഥാപനമായ കലൂർ ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ്ങ് സ്കൂളിലും **(0484–298 52 52)** ഇടപ്പള്ളി ഗവൺമെന്റ് ഹൈസ്കൂൾ ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഐ. എച്. ആർ. ഡി യുടെ എറണാകുളം റീജിയണൽ സെന്റർ **(0484-233 78 38)** തിരുവനന്തപുരം പി എം ജി ജംഗ്ഷനിൽ സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ക്യാമ്പ്സിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ് സ്കൂളിലും **(0471-230 77 33)**ആയിരിക്കും. സൗജന്യ കോഴ്സുകളുടെ വിവരങ്ങൾ താഴെ വിശദമാക്കിയിരിക്കുന്നു.

**1. സോഫ്റ്റ് വെയർ ഡെവലപ്പർ**

യോഗ്യത:കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമോ അനുബന്ധ വിഷയമോ ആയിട്ടുള്ള സയൻസ്/എഞ്ചിനീയറിംഗ് ബിരുദം.

പ്രായം:20-35 വരെ കാലാവധി: 2 മാസം (400 മണിക്കൂർ)

**2.ഹാർഡ് വെയർ എഞ്ചിനീയർ**

യോഗ്യത:ഇലക്ട്രിക്കൽ/ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ്/കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് ബിരുദം.

പ്രായം:21-35 വരെ കാലാവധി:2 മാസം (400 മണിക്കൂർ)

**3.ഇലക്ട്രീഷ്യൻ ഡൊമസ്റ്റിക്**

യോഗ്യത:എസ്.എസ്.എൽ.സി പ്രായം:18-30 വരെ

കാലാവധി : 3 - 4 മാസം (600 മണിക്കൂർ)

**4.റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് ഇലക്ട്രോണിക്സ് അപ്ലയൻസസ്**

യോഗ്യത:എസ്.എസ്.എൽ.സി പ്രായം:18-30 വരെ

കാലാവധി : 3 - 4 മാസം (520 മണിക്കൂർ)

അപേക്ഷകർ കേരളത്തിലെ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ സ്ഥിര താമസക്കാരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരോ അല്ലെങ്കിൽ ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനം ഉള്ളവരോ ആയിരിക്കണം. എറണാകുളം സെന്ററുകളിൽ നടക്കുന്ന കോഴ്സുകളിൽ ദീർഘദൂര വിദ്യാർത്ഥികൾക്ക് താമസവും ഭക്ഷണവും സൗജന്യമായിരിക്കും. തിരുവനന്തപുരം മോഡൽ ഫിനിഷിങ്ങ് സ്കൂളിൽ നടക്കുന്ന കോഴ്സുകളിലേക്കു അപേക്ഷകർ തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ/മുൻസിപ്പാലിറ്റി പരിധിയിൽ സ്ഥിരതാമസക്കാരായിരിക്കണം. താൽപര്യമുള്ള അപേക്ഷകർ ബന്ധപെട്ട മുൻസിപ്പാലിറ്റി/കോർപറേഷനുകളിലെ എൻ.യു.എൽ.എം (NULM) ഓഫീസു വഴി അപേക്ഷ സമർപ്പിക്കുക.

**Officer In Charge**